# ലിംഗഭേദവും ഭിന്നശേഷിത്വവും- അരികുവൽക്കരണത്തിന്റെ അനുഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള പഠനം

**ഹീര. വി. എസ്**

**പ്രബന്ധസംഗ്രഹം**

നിലവിലെ ഭിന്നശേഷി അവകാശ നിയമപ്രകാരം 21 തരം ഭിന്നശേഷി വിഭാഗങ്ങളാണുള്ളത്. അതിൽ കാഴ്ചാപരിമിതി നേരിടുന്നവരുടെ അനുഭവങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ പഠനം തയാറാക്കിയിട്ടുള്ളത്. കാഴ്ചയുടെ പരിമിതികൾ അനുഭവിക്കുന്നവരുടെ അനുഭവങ്ങളെക്കുറിച്ച് പഠിക്കുമ്പോൾ ലിംഗഭേദം എന്ന രാഷ്ട്രീയ സംവർഗം പ്രധാനമാകുന്നു. എന്ന പരികല്പയിലാണ് ഈ പഠനം നടക്കുന്നത്. ആണധികാരസമൂഹത്തിൽ ഭിന്നശേഷിയിൽപെടുന്നവർ അനുഭവിക്കുന്ന വിവേചനങ്ങളെ വിശകലനം ചെയ്തുകൊണ്ടാണ് ഈ പ്രബന്ധം തയാറാക്കിയിരിക്കുന്നത്.

ആദ്യഭാഗത്ത് ഭിന്നശേഷിത്വത്തെകുറിച്ചും അവരുടെ അവകാശങ്ങളെക്കുറിച്ചും സാമാന്യമായി വിശദീകരിക്കുന്നു. കാഴ്ചാപരിമിതരുടെ പ്രശ്നങ്ങളും ജീവിതസാഹചര്യങ്ങളുമാണ് പഠനത്തിന്റെ പ്രഥമാകരം. വിദ്യാഭ്യാസം, തൊഴിൽ, കുടുംബം തുടങ്ങിയ വ്യവഹാരങ്ങളിൽ കാഴ്ചാപരിമിതരായവർ പ്രത്യേകിച്ച് സ്ത്രീകൾ വിവേചനം അനുഭവിക്കുന്നതെങ്ങനെ എന്ന് കണ്ടെത്താനാണ് ശ്രമിക്കുന്നത്. ആണധികാരപ്രത്യയശാസ്ത്രം ഈ വ്യവഹാരങ്ങളിലെ കാഴ്ചാപരിമിതരുടെ അനുഭവത്തെ നിർണയിക്കുന്നതെങ്ങനെ എന്നാണ് ഈ പ്രബന്ധത്തിൽ പരിശോധിക്കുന്നത്. വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തെ പരിവർത്തനപ്പെടുത്തുന്നതിൽ ഉൾച്ചേർക്കൽ വിദ്യാഭ്യാസം ചെലുത്തിയ സ്വാധീനത്തെക്കുടി ഇതിൽ പരിഗണിക്കുന്നുണ്ട്.

**താക്കോൽവാക്കുകൾ:**

ലിംഗഭേദം,ഭിന്നശേഷിത്വം,പ്രത്യയശാസ്ത്രം.

**ആമുഖം**

അരികുവൽക്കരിക്കപ്പെടുകയും ചൂഷണം ചെയ്യപ്പെടുകയും ചെയ്യുന്ന ന്യൂനപക്ഷങ്ങളിൽ സവിശേഷ ശ്രദ്ധ അർഹിക്കുന്നവരാണ് ഭിന്നശേഷിക്കാർ. മുഖ്യധാരാ സാഹിത്യത്തിലോ സിനിമയിലോ മുൻനിര ചർച്ചകളിലോ യഥാതഥമായ ഒരു അടയാളപ്പെടുത്തൽ ഭിന്നശേഷിത്വത്തിന് ഇന്നും സാധ്യമായിട്ടില്ല. അതുകൊണ്ടുതന്നെ കേരളത്തിന്റെ സാഹിതീയവും സാംസ്കാരികവുമായ ഇടങ്ങളിൽനിന്നെല്ലാം തന്നെ

ഭിന്നശേഷിക്കാർ തിരസ്കരിക്കപ്പെട്ടിരുന്നു. സമഗ്രമായ ഒരു കേരളീയ സ്വത്വം നിർമ്മിച്ചെടുക്കണമെങ്കിൽ പലതായി വർഗ്ഗീകരിക്കപ്പെടുകയും മാറ്റിനിർത്തപ്പെടുകയും ചെയ്യുന്ന ഭിന്നശേഷിത്വത്തെക്കൂടി കൂട്ടിച്ചേർക്കേണ്ടതുണ്ട്. അത്തരമൊരു പുനർനിർമ്മിതിയുടെ ആവശ്യകത ബോധ്യപ്പെടുന്നിടത്താണ് ഈ അന്വേഷണം പ്രസക്തമാകുന്നത്.

സമീപകാലങ്ങളിൽ ഭിന്നശേഷിത്വത്തെ കുറിച്ച് പല മട്ടിലുള്ള ഗവേഷണങ്ങളും പഠനങ്ങളും നടക്കുന്നുണ്ട്. എന്നാൽ അവയിൽ ഭൂരിഭാഗവും എഴുതപ്പെട്ട സാഹിത്യ കൃതികളേയോ സിനിമകളേയോ അടിസ്ഥാനമാക്കിയുള്ളതാണ്. ഭിന്നശേഷിക്കാർ തന്നെ തങ്ങളുടെ അനുഭവമണ്ഡലത്തെ പകർത്തുന്നത് വിരളമാണ്. വ്യക്തിപരമായ കാരണങ്ങൾക്കു പുറമേ അനുകൂല സാഹചര്യങ്ങളുടെ അഭാവവും ഇതിനു കാരണമാകുന്നുണ്ട്. പരിമിതികളെ മറികടന്ന് മുന്നോട്ടുവന്ന ചിലരുടെ ജീവചരിത്രം മാറ്റിനിർത്തിയാൽ ഭാവനാത്മകമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഭിന്നശേഷിക്കാരായ കഥാപാത്രങ്ങളെ വിശകലനം ചെയ്യുകയാണ് നിലവിൽ നടന്നിട്ടുള്ള പഠനങ്ങളിലേറിയ പങ്കും. അത്തരത്തിലുള്ള സൃഷ്ടികളിൽ അതിമാനുഷികതയുടേയോ ദൈവികതയുടേയോ സഹതാപത്തിന്റേയോ പരിവേഷത്തിലാണ് ഭിന്നശേഷിക്കാരായ കഥാപാത്രങ്ങൾ നിർമ്മിക്കപ്പെട്ടിട്ടുള്ളതെന്ന് കാണാം. ഭിന്നശേഷിക്കാരുടെ അനുഭവലോകവും വികാരവിചാരങ്ങളുടെ അറിവതിരുകളും മറ്റുള്ളവരിൽനിന്നും ഭിന്നമാണ്. അതുകൊണ്ടുതന്നെ ഭാവനാത്മകമായ കാഴ്ചപ്പാടിന് പുറത്തുനിന്നുകൊണ്ടുള്ള ഒരു വീക്ഷണം അനിവാര്യമാണ്.

നിലവിൽ വർഗ്ഗീകരിക്കപ്പെട്ട ഭിന്നശേഷിവിഭാഗങ്ങളിൽ കാഴ്ചാപരിമിതി നേരിടുന്നവരുടെ ജീവിതത്തിലെ സാമൂഹിക സാഹചര്യങ്ങളും അവസരങ്ങളും അനുഭവങ്ങളും മുൻനിർത്തിയാണ് ഈ പഠനം തയാറാക്കിയിട്ടുള്ളത്. കാഴ്ചാപരിമിതരെ കുറിച്ചുള്ള ഒരു സമഗ്ര പഠനമല്ല ഇത്. ചില അന്വേഷണങ്ങളുടേയും അനുഭവങ്ങളുടേയും ഫലമായി കണ്ടെത്തിയ നിഗമനങ്ങൾ ക്രോഡീകരിക്കുന്നു എന്ന് മാത്രം.

**ഭിന്നശേഷിത്വം**

“ശാരീരികവും മാനസികവുമായ വൈകല്യങ്ങളെ നമ്മുടെ സമൂഹം നോക്കിക്കാണുന്നത് ചില മുൻധാരണകളോടെയാണ്. വൈകല്യ ബാധിതരെ അറപ്പോടെ, വെറുപ്പോടെ, സഹതാപത്തോടെ കാണുകയാണു നമ്മുടെ ശീലം. വൈകല്യബാധിതരെ സമൂഹത്തിൽ നിന്ന് അടർത്തിമാറ്റിക്കാണുന്ന ഇത്തരം

സാമ്പ്രദായിക ബോധ്യങ്ങൾ അവരെ സാമൂഹികമായി പാർശ്വവ ത്ക്കരിക്കുകയാണ് ചെയ്യുന്നത്.

സമൂഹമെന്ന ബൃഹദ് സംഘത്തിലെ അംഗമായി ഓരോ വ്യക്തിയും പരിണമിക്കുന്നതിനു പിന്നിൽ സാമൂഹികമായ വിവിധ പരിഗണനകൾ സ്ഥാനം പിടിക്കുന്നുണ്ട്. വ്യക്തിയുടെ സാമൂഹിക മൂല്യം സമൂഹാംഗമായി മാറുന്നതിൽ നിർണ്ണായകമായ പങ്കു വഹിക്കുന്ന ഒന്നാണ്. സമൂഹത്തിൽ വ്യക്തിയുടെ സ്ഥാനം നിർണ്ണയിക്കുന്ന മതം, ജാതി, ലിംഗപദവി, സാമ്പത്തിക നില എന്നിവയെപ്പോലെ പ്രധാനമാണ് ശാരീരിക-മാനസിക നില പരമ്പരാഗതമായി അംഗീകരിക്കപ്പെട്ട ശാരീരിക-മാനസിക സവിശേഷതകളിൽ നിന്നു ഭിന്നമായ ശരീര-മനോനിലകൾ വൈകല്യബാധിതരെ പൊതുസമൂഹത്തിൽനിന്നു പാർശ്വവല്ക്കരിക്കുന്നതിനിടയാക്കുന്നു. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അവരെ അകറ്റി നിർത്തുന്നത് ശരീരത്തിൻ്റെയും മനസ്സിൻ്റെയും സാധാരണ നിലയെക്കുറിച്ച് സമൂഹങ്ങൾതോറും നിലവിലുള്ള സവിശേഷ സങ്കല്പങ്ങളാണ്. മനസ്സിൻ്റെയും ശരീരത്തിന്റെയും സാങ്കല്പിക ഉദാത്താവസ്ഥയെക്കുറിച്ച് സാമ്പ്രദായിക സമൂഹം രൂപപ്പെടുത്തിയ തലത്തിലേക്ക് ഉയരുവാൻ കഴിയാത്തതിനാൽ വൈകല്യബാധിതരുടെ സാമൂഹികമൂല്യം ഏറ്റവും താഴെ ശ്രേണിയിലാണ് സ്ഥാനപ്പെടുന്നത് " (സ്റ്റാലിൻ ദാസ് 1 ) ഈ നിരീക്ഷണത്തിൽനിന്ന് ഭിന്നശേഷിക്കാരെ സമൂഹം എങ്ങനെയാണ് ഉൾക്കൊള്ളുന്നത് എന്ന് മനസ്സിലാക്കാം.

**എന്താണ് ഭിന്നശേഷിത്വം? ആരാണ് ഭിന്നശേഷിക്കാർ?**

പല കാലങ്ങളിൽ പലതായി നിർവചിക്കപ്പെടുകയും വ്യാഖ്യാനിക്കപ്പെടുകയും ചെയ്തിട്ടുള്ള ഒരു പ്രയോഗമാണ് ഇത്. മുൻകാലങ്ങളിൽ മാതാപിതാക്കൾ ഈ ജൻമത്തിലോ പൂർവ ജൻമത്തിലോ ചെയ്ത പാപങ്ങളുടേയും ദുഷ്കർമ്മങ്ങളുടേയും ഫലമായാണ് ഇത്തരത്തിൽ ഭിന്നശേഷിക്കാരായ കുട്ടികൾ ഉണ്ടാകുന്നത് എന്ന് വിശ്വസിച്ചിരുന്നു. ഇന്നും ചിലയിടങ്ങളിൽ ഈ വിശ്വാസം മാറ്റമില്ലാതെ തുടരുന്നു എന്നതും വാസ്തവമാണ്. അന്ധവിശ്വാസത്തിൽ അകപ്പെട്ട് ജീവിതം ഹോമിക്കുന്ന ഭിന്നശേഷിക്കാരും അവരുടെ കുടുംബവും ഇപ്പോഴും നമുക്കു ചുറ്റുമുണ്ട്. അന്ധവിശ്വാസത്തിനുള്ളിൽ നിന്നിരുന്നതുകൊണ്ടോ അറിവില്ലായ്മകൊണ്ടോ മനുഷ്യനായിപ്പോലും കണക്കാക്കാതെ ഏതോ നികൃഷ്ട ജീവിയെപ്പോലെയാണ് ഭിന്നശേഷിക്കാരെ പരിഗണിച്ചിരുന്നത്. വികലാംഗർ, അംഗപരിമിതർ എന്നിവക്കു പുറമേ ഭിന്നശേഷിയുടെ തരമനുസരിച്ച് "പൊട്ടൻ", "ചട്ടുകാലൻ", "അന്ധൻ", "കുരുടൻ", " ചെകിടൻ", "പൊട്ടക്കണ്ണൻ", "ഞൊണ്ടി", "ഊമ", "മന്ദബുദ്ധി" ഇത്യാദി വിശേഷണങ്ങളും അവർക്ക് ചാർത്തിക്കൊടുത്തിരുന്നു. വൈകല്യം, വികലാംഗർ തുടങ്ങിയ സംജ്ഞകൾ

പോലും വൈകല്യ ബാധിതരോടുള്ള വിവേചനങ്ങളെ ഉൾവഹിക്കുന്നതായി കാണാം. വൈകല്യ ബാധിതരുടെ സ്വത്വത്തെ കൂടുതൽ കൃത്യമായി പ്രകാശിപ്പിക്കുന്ന 'ഭിന്നശേഷിയുള്ളവർ' എന്ന പ്രയോഗം സാധൂകരിക്കപ്പെട്ടു തുടങ്ങിയിരിക്കുന്നത് വിവേചനങ്ങളുടെ സാമൂഹിക സാംസ്കാരിക തലങ്ങളെ തിരിച്ചറിഞ്ഞു തുടങ്ങിയതിനാലാണ്.

ഭിന്നശേഷിക്കാരായവരെ മാത്രമല്ല അവരുടെ മാതാപിതാക്കളേയും സമൂഹം മാറ്റിനിർത്തിയിരുന്നു. അതുകൊണ്ടുതന്നെ ഭിന്നശേഷിത്വം അനുഭവിക്കുന്ന ഒരു കുട്ടി തങ്ങൾക്കുണ്ടെന്ന് പറയാനോ അംഗീകരിക്കാനോ അവർ തയ്യാറായിരുന്നില്ല. ഒരുകാലത്ത് പെൺകുഞ്ഞുങ്ങളെ കൊന്നുകളഞ്ഞിരുന്നതുപോലെ ഭിന്നശേഷിക്കാരായ കുട്ടികളേയും ഇല്ലായ്മ ചെയ്തിരുന്നു. ചിലർ അന്ധവിശ്വാസത്തെ കൂട്ടുപിടിച്ച് ഭിന്നശേഷിക്കാരേയും അവരുടെ കുടുംബത്തേയും സാമ്പത്തികമായും ശാരീരികമായും ചൂഷണം ചെയ്യുകയും ചെയ്തിരുന്നു. വിശ്വാസങ്ങളുടേയും ആചാരാനുഷ്ഠാനം തങ്ങളുടേയും ആൾദൈവങ്ങളുടേയും നിലനിൽപ്പിനു വേണ്ടിയും ഭിന്നശേഷിത്വം ഉപയോഗിക്കപ്പെട്ടു. സഹതാപത്തിലൂടേയും ഭിന്നശേഷിക്കാരെ പരിഗണിച്ചവരുണ്ട്. നമുക്കു ചുറ്റും ഭിക്ഷാടനം നടത്തിയിരുന്നവരിൽ ഏറിയ പങ്കും ഭിന്നശേഷിക്കാരായിരുന്നു. സ്വാഭാവികമായല്ലാതെ ആളുകൾക്ക് ബോധപൂർവം അംഗഭംഗം വരുത്തി ഭിക്ഷാടനത്തിനു പ്രേരിപ്പിക്കുന്നവരും ഉണ്ട്. സമൂഹത്തിന്റെ സഹതാപം മുതലെടുത്ത് ലാഭം ഉണ്ടാക്കാനാണ് അവർ ഭിന്നശേഷിയെ ഉപയോഗപ്പെടുത്തുന്നത്.

പിന്നീട് പൊതു സമൂഹത്തിന്റെ കാഴ്ചകളും കാഴ്ചപ്പാടുകളും മാറിവരുന്നതിനനുസരിച്ച് ഭിന്നശേഷിക്കാരോടുള്ള മനോഭാവത്തിലും മാറ്റം വന്നുതുടങ്ങി. അരികുവൽക്കരിച്ച മറ്റു വിഭാഗങ്ങളെ ഉൾച്ചേർക്കുന്നതിനോടൊപ്പം ഭിന്നശേഷിക്കാരേയും പരിഗണിച്ചു. ആഗോളതലത്തിൽതന്നെ ഭിന്നശേഷി സംരക്ഷണ നിയമങ്ങൾ നിലവിൽവന്നു. തങ്ങളുടെ പുരോഗതിക്കും നിലനിൽപ്പിനും വേണ്ടി ഭിന്നശേഷിക്കാർ തന്നെ മുന്നോട്ടുവരാൻ തുടങ്ങി. വികലാംഗർ, അംഗപരിമിതർ ഇത്യാദി വിശേഷണങ്ങളിലൂടെ അടയാളപ്പെട്ടിരുന്നവർ പരിമിതിക്കപ്പുറം ശേഷി കൊണ്ട് അടയാളപ്പെടാൻ തുടങ്ങി. നിഷേധിച്ചിരുന്ന ഇടങ്ങളിലെല്ലാം അവർ നിൽപ്പുറപ്പിച്ചു.

ശാരീരികമായോ മാനസികമായോ ആയ ഏതെങ്കിലും തരത്തിലുള്ള വികാസ പരിമിതി നേരിടുന്ന അവസ്ഥയാണ് ഭിന്നശേഷിത്വം. ഒരുതരത്തിൽ പറഞ്ഞാൽ ഈ അവസ്ഥയും ഒരു സാമൂഹിക നിർമ്മിതിയാണ്. ഒരു വ്യക്തിയുടെ പരിമിതി നിർണയിക്കുന്നത് ആ വ്യക്തിയല്ല. മറിച്ച് സമൂഹമാണ്. അങ്ങനെ വരുമ്പോൾ സമൂഹം നിഷ്കർഷിക്കുന്നത് ഓരോ വ്യക്തിയും ചെയ്യേണ്ടി വരും. തന്റേതായ ഏതെങ്കിലും

കാരണത്താൽ ഒരു നിശ്ചിത കാലയളവിനപ്പുറം അതു ചെയ്യാൻ കഴിയാതെ വന്നാൽ അത് ആ വ്യക്തിയുടെ പരിമിതിയാണ്. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ, കാഴ്ചയിൽ അധിഷ്ഠിതമായ ഒരു സമൂഹമാണ് നിലവിലുള്ളത്. അതുകൊണ്ടുതന്നെ "കാണുക" എന്നത് സമൂഹം നിഷ്കർഷിക്കുന്ന ഒന്നാണ്. അതിനു കഴിയുന്നില്ല എങ്കിൽ ആ വ്യക്തി കാഴ്ചാപരിമിതി നേരിടുന്ന വ്യക്തിയാണ്. സമൂഹത്തിന്റെ നോട്ടത്തിൽ നടത്തത്തിന് ഒരു ക്രമമുണ്ട്. "നടക്കുക" എന്നതും സമൂഹം ആവശ്യപ്പെടുന്നു. കാലുകളുടെ വലുപ്പ വ്യത്യാസം കൊണ്ടോ മറ്റോ സമൂഹത്തിന്റെ നടപ്പു രീതിയിൽ അസ്വഭാവികത ഉണ്ടെങ്കിലോ, കാലുകൾ തന്നെ ഇല്ലെങ്കിലോ ആ വ്യക്തി ഭിന്നശേഷിത്വം അനുഭവിക്കുന്നു. കേൾവി, സംസാരം, ചിന്ത, പ്രവൃത്തി, ആകൃതി തുടങ്ങി ഒരു മനുഷ്യന്റെ ശാരീരികവും മാനസികവും ഭൗതികവും ഇന്ദ്രിയപരവുമായ എല്ലാ തലത്തിലും സമൂഹം ചില നിബന്ധനകൾ മുന്നോട്ടു വെക്കുന്നുണ്ട്. ഏതെങ്കിലും സാഹചര്യത്തിൽ ഈ നിബന്ധനകളുടെ സ്വാഭാവികതയിൽ തടസം നേരിടുകയാണെങ്കിൽ അവർ ഭിന്നശേഷിക്കാരാണ്. എന്നാൽ താൽക്കാലിക അസ്വഭാവികതയെ ഭിന്നശേഷിയായിട്ടല്ല പരിഗണിക്കുന്നത്. അതിനും സമൂഹം ചില അളവുകോലുകൾ നിഷ്കർഷിക്കുന്നുണ്ട്.

നിലവിലെ സാമൂഹിക സാഹചര്യമനുസരിച്ച്, ശാരീരികമായോ മാനസികമായോ ഭൗതികമായോ ഇന്ദ്രിയപരമായോ വെല്ലുവിളികൾ അനുഭവിക്കുന്നതുകൊണ്ട് ഒരു വ്യക്തിക്ക് തന്റെ സാമൂഹിക ജീവിതം നിർവ്വഹിക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസം നേരിടുന്ന അവസ്ഥയാണ് ഭിന്നശേഷിത്വം എന്ന് സാമാന്യമായി പറയാം.

**ഭിന്നശേഷി അവകാശ നിയമം 2016**

ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശ സംരക്ഷണത്തിനുവേണ്ടിയുള്ള ഐക്യ രാഷ്ട്രസഭയുടെ ഭിന്നശേഷി അവകാശ കൺവൻഷൻ [UNCRPD, 2006] ലോക ചരിത്രത്തിലെ നാഴികക്കല്ലാണ്. 2006 ഡിസംബർ 13ന് ഐക്യരാഷ്ട്ര സഭയുടെ പൊതു സമ്മേളനം സ്വീകരിച്ച കൺവൻഷൻ 2008 മെയ് 3ന് ഇരുപത് രാജ്യങ്ങളുടെ അംഗീകാരത്തോടെ നിലവിൽ വന്നു. ഇപ്പോൾ 184 രാജ്യങ്ങൾ ഈ കൺവൻഷനിലെ അംഗങ്ങളാണ്. 2007 ഒക്ടോബർ ഒന്നിനാണ് ഇന്ത്യ ഈ കൺവൻഷൻ അംഗീകരിച്ചത്. ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശ നിയമത്തിലൂടെ [PWD Act, 2016] അത് രാജ്യത്ത് പ്രാബല്യത്തിൽ വരുത്തി. അതുവരെ ഉണ്ടായിരുന്ന 1995ലെ ഭിന്നശേഷി നിയമം [PWd Act 1995] റദ്ദാക്കി കൊണ്ട് 2017 ഏപ്രിൽ 19നാണ് കേന്ദ്ര സർക്കാർ ഭിന്നശേഷിക്കാരായ വ്യക്തികളുടെ പുതിയ അവകാശ നിയമം പ്രാബല്യത്തിൽ വരുത്തിയത്. പുതിയ നിയമം സുശക്തമായി നടപ്പിൽ വരുത്തുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരുകൾക്കും പ്രത്യേകമായ ചട്ടങ്ങൾ

നിർമ്മിക്കാവുന്നതാണ്. അതുപ്രകാരം കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ള ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശ ചട്ടങ്ങൾ 2017, കേരള സർക്കാരിന്റെ ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശ ചട്ടങ്ങൾ 2020 എന്നിവ അവരുടെ അവകാശ സംരക്ഷണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് നിലവിലുള്ള നിയമസംഹിതകളാണ്.

1995ലെ PWD [Person With Disability] ആക്റ്റ് പ്രകാരം 7 തരം ഭിന്നശേഷി വിഭാഗങ്ങളാണ് ഉണ്ടായിരുന്നത്. 2016ൽ നിലവിൽ വന്ന ഭിന്നശേഷി അവകാശ സംരക്ഷണ നിയമ പ്രകാരം ഭിന്നശേഷി വിഭാഗങ്ങൾ 21 ആയി ഉയർത്തി.

17 അദ്ധ്യായങ്ങളിലായി 103 അനുച്ഛേദങ്ങൾ ഉള്ള ബൃഹത്തായ ഒരു നിയമ സംഹിതയാണ് ഇന്ന് ഭിന്നശേഷി അവകാശ നിയമം 2016. ഇതുപ്രകാരം ശാരീരികമോ മാനസികമോ ബൗതികമോ ഇന്ദ്രിയപരമോ ആയ വികാസ പരിമിതി 40 ശതമാനമോ അതിൽ കൂടുതലോ നേരിടുന്നവരെയാണ് ഭിന്നശേഷിക്കാരായി കണക്കാക്കുന്നത്. ഭിന്നശേഷിക്കാർക്കു ലഭിക്കേണ്ട വിദ്യാഭ്യാസപരവും തൊഴിൽപരവും സാമൂഹികവും സാമ്പത്തികപരവുമായ അവകാശങ്ങൾ,ആനുകൂല്യങ്ങൾ, സംവരണങ്ങൾ എന്നിവ ഇതിൽ വ്യക്തമാക്കുന്നുണ്ട്. കൂടാതെ ഭിന്നശേഷിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും ചൂഷണത്തിനും അക്രമണത്തിനുമെതിരായി ഭരണഘടനാപരമായ പരിഹാരങ്ങൾ നേടിയെടുക്കുന്നതിനുമുള്ള ഭിന്നശേഷിക്കാരുടെ സാധ്യതയെ അവകാശമായിതന്നെ ഈ നിയമസംഹിത ഉറപ്പുവരുത്തുന്നുണ്ട്. ഭിന്നശേഷിക്കാരുടെ സുസ്ഥിരവും സമഗ്രവുമായ പുരോഗതിയെ മുൻനിർത്തി നിരവധി ക്ഷേമപദ്ധതികൾ സർക്കാർ തലത്തിലും അല്ലാതെയും ഇന്ന് നടപ്പാക്കി വരുന്നുണ്ട്. തൽഫലമായി പൊതുസമൂഹത്തിന്റെ എല്ലാ തലത്തിലേക്കും ഇറങ്ങിച്ചെല്ലാനും ഇടപെടാനും ഭിന്നശേഷിക്കാർക്ക് അവസരം ലഭിക്കുന്നു.

സ്കോളർഷിപ്പുകളും പലതരം ക്ഷേമപെൻഷനുകളും യാത്രയിലും പഠനോപകരണങ്ങളുടേയും മറ്റ് അവശ്യ സാധനങ്ങളുടേയും ലഭ്യതയിലും കിട്ടുന്ന ഇളവുകളും ഭിന്നശേഷിക്കാരെ സാമ്പത്തികമായി ഉയർത്തിക്കൊണ്ടുവരാൻ സഹായിക്കുന്നതാണ് . ഈ സാമ്പത്തിക പുരോഗതിയും മെച്ചപ്പെട്ട വിദ്യാഭ്യാസസാഹചര്യങ്ങളും തൊഴിൽ അവസരങ്ങളും അവകാശമായി തന്നെ ലഭ്യമാകുന്നതിലൂടെ പൊതു സമൂഹത്തിൽ മറ്റുള്ളവരെപ്പോലെ നിലവാരമുള്ള ജീവിതം നയിക്കാൻ ഇവരെ പ്രാപ്തരാക്കുന്നു. മാത്രമല്ല, സമൂഹത്തിന്റെ തെറ്റായ കാഴ്ചപ്പാടുകൾക്കും അന്ധവിശ്വാസങ്ങൾക്കും അടിമപ്പെടാതെ സ്വാഭിമാനത്തോടെ ജീവിക്കാനും തങ്ങൾക്കു നേരെയുള്ള അവകാശനിഷേധങ്ങളെ ചോദ്യം ചെയ്യാനും പൊതു സമൂഹത്തിൽ തങ്ങളുടെ

കർത്തവ്യസ്ഥാനത്തെ ഉറപ്പുവരുത്താനും ഭിന്നശേഷി അവകാശനിയമം 2016 ഓരോ ഭിന്നശേഷിക്കാരേയും പ്രാപ്തമാക്കുന്നു. അതുകൊണ്ടുതന്നെ മുൻകാലങ്ങളിൽ അവർ അനുഭവിച്ചിരുന്ന അരികുവൽക്കരണത്തെ ചെറുത്തുനിൽക്കാനും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് നിർഭയം കടന്നുവരാനും ഓരോ ഭിന്നശേഷിക്കാരും തയ്യാറാകുന്നതിന്റെ ഉദാഹരണങ്ങൾ ഇന്ന് കണ്ടെടുക്കാനാകും.

**സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ്**

The Persons with Disabilities [Equal Opportunity Protection of Rights and Full Participation] Act 1995 പ്രകാരം 1999ൽ ആണ് കേരളത്തിൽ ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണത്തിനായുള്ള കമ്മീഷണറേറ്റ് സ്ഥാപിതമായത്. എന്നാൽ 1995ലെ നിയമം 2016ലെ The Rights of Persons with Disabilities Act., 19-04-2017ൽ നടപ്പിലാക്കിയതുമൂലം റദ്ദാക്കപ്പെട്ടു. അതിന് ശേഷം 2016ലെ ഭിന്നശേഷി അവകാശ സംരക്ഷണ നിയമപ്രകാരമാണ് കമ്മീഷണറേറ്റ് പ്രവർത്തിച്ച് വരുന്നത്. 2016ലെ ഭിന്നശേഷി നിയമം പൂർണ്ണമായും നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുകയും നിരീക്ഷിക്കുകയും ചെയ്യു.പ്രസ്തുത നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ഭിന്നശേഷിക്കാർക്ക് ലഭിക്കുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളുക, അവ നടപ്പിലാക്കുമ്പോൾ ഉണ്ടാകുവാൻ സാധ്യതയുള്ള പ്രശ്നങ്ങളും പോരായ്മകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അവ ക്രിയാത്മകമായി പരിഹരിച്ച് ഭിന്നശേഷിക്കാരുടെ ക്ഷേമം ഉറപ്പുവരുത്തുക എന്നിവയൊക്കെയാണ് സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റിൽ നിക്ഷിപ്തമായിട്ടുള്ള പ്രധാന ചുമതലകൾ.

പല സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളുമായി സഹകരിച്ച് ഭിന്നശേഷിക്കാരുടെ സമഗ്രമായ ഉന്നമനം ഉറപ്പാക്കുക, എല്ലാ തലത്തിലുമുള്ള തുല്യത ഉറപ്പാക്കുക [വിദ്യാഭ്യാസം, തൊഴിൽ, നിയമപരിരക്ഷ, തെരഞ്ഞെടുപ്പ്, സാമ്പത്തികഭദ്രത, കലാകായിക മേഖല, ദുരന്തനിവാരണം, പുനരധിവാസം തുടങ്ങി] എന്നിവയെല്ലാം കമ്മീഷണറേറ്റിന്റെ പരിധിയിൽ ഉൾപ്പെടുന്നു. ഭിന്നശേഷിക്കാരിൽ സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക നിയമപരിരക്ഷയും അവകാശങ്ങളും നൽകുന്നുണ്ട്. കമ്മീഷണറേറ്റിന്റെ പ്രവർത്തനങ്ങൾ ഭിന്നശേഷിക്കാർക്ക് അവരുടെ അവകാശങ്ങളെക്കുറിച്ചും നിയമപരിരക്ഷയെക്കുറിച്ചും കൂടുതൽ ബോധ്യപ്പെടുത്തി. ഭിന്നശേഷിക്കാർക്ക് ലഭിക്കുന്ന നിയമപരിരക്ഷകൾ പൊതു സമൂഹത്തിന്റെ കാഴ്ചപ്പാടിലും മാറ്റങ്ങൾ വരുത്തി. മുൻകാലങ്ങളിൽനിന്നും വേറിട്ട് ഭിന്നശേഷിക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട ജീവിത സാഹചര്യം നിർമ്മിച്ചെടുക്കുന്നതിൽ സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ് വഹിക്കുന്ന പങ്ക് വലുതാണ്.

**കാഴ്ചാപരിമിതരും കാഴ്ചപ്പാടുകളും**

മനുഷ്യശരീരത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു അവയവമാണ് കണ്ണ്. ബാഹ്യലോകവുമായുള്ള മനുഷ്യരുടെ ബന്ധത്തിൽ കണ്ണ് വഹിക്കുന്ന പങ്ക് വളരെ വലുതാണ്. നമുക്കു ചുറ്റുമുള്ള ലോകം കാഴ്ചയിലധിഷ്ഠിതമായമായ ഒന്നാണ്. ചുറ്റുമുള്ള മൂർത്തമായ ഏതൊന്നിനേയും കാഴ്ച എന്ന സങ്കേതമുപയോഗിച്ച് അനുഭവവേദ്യമാക്കുന്ന അവസ്ഥയാണ് കാണുകയെന്നത്. ഈ ഇന്ദ്രീയാനുഭൂതി ഇല്ലാത്ത അവസ്ഥയാണ് കാഴ്ചാപരിമിതി. ബാഹ്യപ്രപഞ്ചത്തെ കണ്ടു മനസിലാക്കാൻ കഴിയില്ല എന്നതു മാത്രമാണ് കാഴ്ചാപരിമിതർ നേരിടുന്ന വെല്ലുവിളി. എന്നാൽ ചില അബദ്ധ ധാരണകൾ കാഴ്ചയുമായും കാഴ്ചാപരിമിതിയുമായും ബന്ധപ്പെട്ട് നിലവിലുണ്ട്. പൊതു സമൂഹത്തിനുണ്ടായിരുന്ന ചില ധാരണകൾ സാന്ദർഭികമായി ഇവിടെ സൂചിപ്പിക്കുന്നു.

അഞ്ച് ഇന്ദ്രീയങ്ങൾ ഉള്ളതിൽ ഏതെങ്കിലും ഒന്നിന്റെ ശേഷി കുറഞ്ഞാൽ മറ്റവയ്ക്ക് അധികശേഷി ഉണ്ടാകും എന്ന ഒരു ധാരണ സമൂഹത്തിനുണ്ട്. അതായത്, കാഴ്ചശക്തി ഇല്ലാത്തവർക്ക് മറ്റുള്ളവരെക്കാൾ കേൾവിശക്തിയും ഘ്രാണശക്തിയും സ്പർശ്ശനശേഷിയും ഒക്കെ കൂടുതലായിരിക്കും. ഈ ധാരണ വസ്തുതാവിരുദ്ധമാണ് എന്ന് പറയാം. എന്തെന്നാൽ കാഴ്ചയുള്ളവർ കാണുന്നതിനാണ് പ്രാധാന്യം നൽകുന്നത്. ഒരേ സമയം ഒന്നിൽകൂടുതൽ കാഴ്ചകളിൽ വികേന്ദ്രീകരിക്കപ്പെടുന്നതു കൊണ്ടാണ് അവർക്ക് മറ്റു കാര്യങ്ങളിൽ ശ്രദ്ധ കുറയുന്നത്. എന്നാൽ കാഴ്ചശക്തി ഇല്ലാത്തവർ ചുറ്റുപാടിനെ ഗ്രഹിക്കുന്നത് മറ്റ് ഇന്ദ്രീയങ്ങളെ കൂടുതൽ ഉപയോഗിച്ചുകൊണ്ടാണ്. ഒരു കുറവിനെ പരിഹരിക്കാൻ ഉള്ളവയെ കൂടുതൽ ഉപയോഗപ്പെടുത്തുന്നു എന്നു മാത്രം.

അതുപോലെതന്നെ സമൂഹത്തിനുണ്ടായിരുന്ന ഒരു ധാരണയാണ് കാഴ്ചയില്ലാത്തവർക്ക് അവരവരുടെ പ്രാഥമികമായ ആവശ്യങ്ങൾ പോലും സ്വതന്ത്രമായി നിർവഹിക്കാനുള്ള കഴിവില്ല എന്നത്. ഭക്ഷണം, വസ്ത്രധാരണം, ശുചിത്വം, സഞ്ചാരം, കുടുംബജീവിതം, തൊഴിൽ തുടങ്ങി എല്ലാ കാര്യത്തിലും മറ്റുള്ളവർക്ക് ആശങ്കയാണ്. പൊതു സമൂഹവുമായി ഇടപെടുന്ന അവസരങ്ങളിൽ അത്തരത്തിലുള്ള ' കാഴ്ചാപരിമിതർ അഭിമുഖീകരിക്കേണ്ടി വരുന്നു. ഇത്തരം ആശങ്കകൾ സൃഷ്ടിക്കുന്നതിൽ നമ്മുടെ സിനിമകളും ഒരു പരിധി വരെ സ്വാധീനം ചെലുത്തുന്നുണ്ട്. 1999ൽ വിനയൻ സംവിധാനം ചെയ്ത "വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും" എന്ന സിനിമ ഈ ധാരണയെ ശരിവയ്ക്കും വിധമാണ് ചിത്രീകരിക്കപ്പെട്ടിട്ടുള്ളത്. കാഴ്ചാപരിമിതരെക്കുറിച്ചുള്ള 'പ്രത്യയശാസ്ത്രപരമായ 2ധാരണകൾ രൂപപ്പെടുത്തുന്നതിലും പ്രചരിപ്പിക്കുന്നതിലും

സിനിമകൾ ചെറുതല്ലാത്ത പങ്കുവഹിച്ചിട്ടുണ്ട്.സമൂഹത്തിന്റെ ആശങ്കകൾ മാറ്റിവച്ചാൽ ബാക്കിയുള്ളത് സഹതാപമാണ്. മറ്റെന്തുണ്ടായിട്ടും കാര്യമില്ല, കണ്ണുകാണാൻ പറ്റില്ലല്ലോ എന്ന കാഴ്ചപ്പാട്.

കാഴ്ചാപരിമിതരായവരോട് സമൂഹത്തിനുണ്ടായിരുന്ന പൊതുവായ സമീപനരീതികളാണ് ഇത്. ഇതുപോലുള്ള സാഹചര്യങ്ങളെ അഭിമുഖീകരിക്കേണ്ടി വരുന്നത് കാഴ്ചാപരിമിതരിലെ ആത്മവിശ്വാസത്തെ ഇല്ലാതാക്കുന്നുണ്ട്. സമൂഹത്തിൽ സുഗമമായി ഇടപെടാനും ബന്ധങ്ങൾ നിലനിർത്താനുമുള്ള അവരുടെ സ്വാഭാവികതയെ ഇത് ഇതില്ലാതാക്കുന്നു. ഇതുവഴി പരിമിതികൾ സൃഷ്ടിക്കുന്ന മാനസിക സംഘർഷങ്ങളിൽനിന്ന് പുറത്തുകടക്കാനാകാതെ അവർ ഉൾവലിയുന്നു. കാഴ്ചയില്ലായ്മ ഒരു അവസ്ഥയാണ് എന്നും കാഴ്ചാപരിമിതി മാത്രമുള്ളവർക്ക് ദൃശ്യാധിഷ്ഠിതമായ കാര്യങ്ങൾ നിർവഹിക്കുന്നതിൽ മാത്രമാണ് പരിമിതിയുള്ളതെന്നും വസ്തുതാവിരുദ്ധമായ സമീപനങ്ങൾ ഭിന്നശേഷിക്കാരുടെ സ്വാഭാവികതയേയും പുരോഗതിയേയും ഹനിക്കുമെന്നും സമൂഹം തിരിച്ചറിയേണ്ടിയിരിക്കുന്നു. ഇടപെടുന്ന ഒരു വ്യക്തിയെ മുൻനിർത്തി അയാളുൾപ്പെടുന്ന സമൂഹം മുഴുവൻ അങ്ങനെ ആയിരിക്കുമെന്ന് വിലയിരുത്തുന്ന സമൂഹത്തിന്റെ കാഴ്ചപ്പാടും ശരിയല്ല. ഭിന്നശേഷിക്കാരായ ഓരോരുത്തരേയും ഓരോ വ്യക്തിയായിത്തന്നെ കാണേണ്ടതുണ്ട്. സമൂഹത്തിൽ മുൻപുണ്ടായിരുന്ന പല കാഴ്ചപ്പാടുകളിലും മാറ്റങ്ങൾ വന്നിട്ടുണ്ട്. എന്നാൽ പൂർണാർഥത്തിൽ മാറിയിട്ടില്ല. അങ്ങനെയൊരു തിരിച്ചറിവും തിരുത്തലും ഉണ്ടാകുമ്പോൾ മാത്രമാണ് കാഴ്ചാപരിമിതർക്ക് എന്ന് മാത്രമല്ല, മുഴുവൻ ഭിന്നശേഷിവിഭാഗത്തിൽപ്പെട്ടവർക്കും സമഗ്രമായ പുരോഗതിയും സമത്വവും ഉണ്ടാവുകയുള്ളൂ.

**കാഴ്ചയിലെ ആൺ-പെൺ ഭിന്നതകൾ**

ഏതു കാലത്തും ചൂഷണത്തിന് വിധേയമാകുന്ന ഒരു വിഭാഗമാണ് സ്ത്രീകൾ. വിദ്യാഭ്യാസം, തൊഴിൽ, സമ്പദ് വ്യവസ്ഥ തുടങ്ങി സമൂഹത്തിന്റെ എല്ലാ മേഖലകളിലും ലിംഗപരമായ വ്യത്യാസങ്ങൾ പ്രകടമാണ്. ശാരീരികവും മാനസികവും സാമ്പത്തികവുമായി സ്ത്രീകൾ അനുഭവിക്കുന്ന ചൂഷണങ്ങളെപ്പറ്റിയും അതിനെതിരെ എങ്ങനെ പ്രതിരോധിക്കണമെന്നതിനെ പറ്റിയും ഇന്ന് നമുക്ക് വ്യക്തമായ ധാരണയുണ്ട്. "വൈകല്യബാധിതർ അനുഭവിക്കുന്ന പാർശ്വവത്ക്കരണം ഏറിയും കുറഞ്ഞും അനുഭവിക്കുന്നവരാണ് സ്ത്രീകളും കീഴാളരും മറ്റ് പാർശ്വവത്കൃത വിഭാഗങ്ങളും " ( സ്റ്റാലിൻദാസ്2013: 2 ). ലിംഗപരമായ വേർത്തിരിവിനൊപ്പം ജാതീയമായ വേർതിരിവുകൂടി ചേരുമ്പോൾ ഉണ്ടാകുന്ന ഇരട്ടവേർതിരിവിനെക്കുറിച്ചും സമീപകാലത്ത്

നിരവധി ആലോചനകൾ നടന്നിട്ടുണ്ട്. എന്നാൽ ലിംഗപരമായ അരികുവൽക്കരണത്തിനൊപ്പം ഭിന്നശേഷികൊണ്ടും മാറ്റിനിർത്തപ്പെടുമ്പോഴുണ്ടാകുന്ന അവസ്ഥയും ഈ മൂന്നും ചേരുമ്പോഴുണ്ടാകുന്ന അവസ്ഥയും അധികം ചർച്ച ചെയ്യപ്പെട്ടു കാണുന്നില്ല. വളരെ ഗൗരവമായിതന്നെ കാണേണ്ട ഒരു വിഷയമാണ് ഇത്.

ഭിന്നശേഷിക്കാരായവരെ മുഖ്യധാരാ സമൂഹത്തിൽനിന്ന് അരികുവൽക്കരിച്ചിരുന്നത് നാം കണ്ടിരുന്നതാണ്. ആ അരികുവൽക്കരണത്തിൽ പലപ്പോഴും ലിംഗപരമായ വേർത്തിരിവുകൂടി ഉൾച്ചേർന്നിരുന്നു എന്നത് വാസ്തവമാണ്. വിദ്യാഭ്യാസം, തൊഴിൽ, കുടുംബജീവിതം തുടങ്ങി എല്ലാ തലത്തിലും ഈ വേർത്തിരിവ് പ്രകടമായിരുന്നു "മനുഷ്യന് സംഭവിക്കാവുന്ന ഏറ്റവും കഠിനമായ ദുര്യോഗമായും ദുരന്തമായും കാലങ്ങളായി കണക്കാക്കപ്പെടുന്ന അന്ധത കേവലം ശാരീരികമായ ഒരു പ്രശ്നം മാത്രമല്ല, സാമൂഹികമായ പ്രശ്നം കൂടിയാണ്. ഒരു വ്യക്തി അനുഭവിക്കുന്ന അന്ധതയുടെ കാഠിന്യവും അയാൾ ദൈനംദിന ജീവിതത്തിൽ നേരിടുന്ന പ്രതിബന്ധങ്ങളും തമ്മിൽ വലിയ ബന്ധമുണ്ട്. സാമൂഹികമായ അകറ്റിനിർത്തലിനും പുറംതള്ളലിനും കാരണമാകുന്ന അന്ധത നിരവധി പേരെ സ്വാതന്ത്ര്യത്തിന്റെ ലോകത്തുനിന്ന് അകറ്റിനിർത്തുകയും തടസ്സങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. ഈ തടസ്സങ്ങളിൽപ്പെട്ടതാണ് വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയ അടിസ്ഥാനപരമായ പൗരാവകാശങ്ങൾ" (സ്റ്റാലിൻദാസ് 2013 : 59,60) എന്ന് നിരീക്ഷണം സമകാല പ്രസക്തിയുള്ളതാണ്.

ഏതൊരു വ്യക്തിക്കും സമൂഹവുമായി ഇടപെടേണ്ടി വരുന്ന 2 ഇടങ്ങളാണ് വിദ്യാലയങ്ങളും തൊഴിലിടങ്ങളും. ഇവിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന വിവേചനങ്ങളെ സാഹിത്യവും സമൂഹവും ഏറെ ചർച്ച ചെയ്തിട്ടുള്ളതാണ്. ആ വിവേചനങ്ങളുടെ തോത് ഉയർത്തുന്ന ഒരു ഘടകമാണ് അവരുടെ ഭിന്നശേഷിത്വം.

ഉൾച്ചേർന്ന വിദ്യാഭ്യാസ സമ്പ്രദായം വരുന്നതിനു മുൻപ്, കാഴ്ചാപരിമിതരുടെ പ്രാഥമിക വിദ്യാഭ്യാസത്തിന് അവർക്ക് പ്രത്യേകം വിദ്യാലയങ്ങൾ ഉണ്ടായിരുന്നു. അക്കാലത്ത് ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വളരെ വിരളവുമായിരുന്നു . അതുകൊണ്ടുതന്നെ പലരും വിദ്യാലയങ്ങളിൽ എത്തിയിരുന്നില്ല. ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസ രീതിയെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും രക്ഷിതാക്കൾക്ക് വേണ്ടത്ര ധാരണയില്ലാത്തതും ഇതിനൊരു കാരണമായിരുന്നു. മാതാപിതാക്കളുടെ അമിത വാൽസല്യത്തിൽ നിന്നും വയ്യാത്ത കുട്ടി എന്ന കുടുംബത്തിന്റെ സഹതാപത്തിൽനിന്നും വിടുതൽ നേടി ആൺകുട്ടികൾ പോയാലും പലപ്പോഴും പെൺകുട്ടികൾക്ക് അത് സാധിച്ചിരുന്നില്ല. പെൺകുട്ടിയെ പ്രത്യേകിച്ച്

കാഴ്ചയില്ലാത്ത പെൺകുട്ടിയെ ദൂരെ അയച്ച് പഠിപ്പിക്കാൻ മാതാപിതാക്കൾ തയാറായിരുന്നില്ല. ഈ മനോഭാവം കാഴ്ചാപരിമിതരായ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെ തടസ്സപ്പെടുത്തി. അതുമൂലം അവർക്ക് മാനസികവും ബുദ്ധിപരവുമായി വേണ്ടത്ര വികാസം നേടാൻ കഴിയാതെ വന്നു. അറിവ് നേടുന്നതിലും കഴിവുകൾ വികസിപ്പിക്കുന്നതിലും നേരിട്ട തടസ്സം സ്വതന്ത്രമായി ജീവിക്കുകയും ചിന്തിക്കുകയും ചെയ്യുന്നതിൽനിന്നും സാമ്പത്തിക സ്വാതന്ത്ര്യം നേടുന്നതിൽ നിന്നും അവരെ വിലക്കി. പുറംലോകത്തെ പറ്റി അറിയാതെ കാഴ്ചാപരിമിതരായ സ്ത്രീകൾ വീടിനുള്ളിൽ ഒതുങ്ങിക്കൂടി.

ചിലർക്ക് വളരെ വൈകിമാത്രം വിദ്യാഭ്യാസത്തിന് അവസരം ലഭിച്ചിരുന്നു. അതിൽ പലർക്കും സ്വഭാവരൂപീകരണ ഘട്ടത്തിനു ശേഷമാണ് വിദ്യാഭ്യാസം ലഭിച്ചത്. അതുകൊണ്ടുതന്നെ ഗുണപരമായ പലതും അവർക്ക് നേടാനായില്ല. അപൂർവം ചിലർ മാത്രമാണ് ഈ സാഹചര്യങ്ങളെ അതിജീവിച്ച് മുന്നേറിയത്.

വേണ്ടത്ര വിദ്യാഭ്യാസം ഇല്ലാത്തതു കൊണ്ടുതന്നെ തൊഴിലവസരങ്ങളും അവർക്ക് നിഷേധിക്കപ്പെട്ടിരുന്നു. ദൂരം, യാത്രാക്ലേശം, സ്വതന്ത്രമായി സഞ്ചരിക്കാനുള്ള അവസരമില്ലായ്മ തുടങ്ങിയ കാരണങ്ങളാൽ മാതാപിതാക്കൾ തന്നെ കാഴ്ചാപരിമിതരായ പെൺകുട്ടികളുടെ തൊഴിൽ സാധ്യതയെ നിഷേധിച്ചിരുന്നു. വേണ്ടത്ര വിദ്യാഭ്യാസം ഉണ്ടായിരുന്നിട്ടുകൂടി കുടുംബത്തിന്റെ സങ്കുചിതമായ ചിന്താഗതി കൊണ്ട് വീട്ടിലിരിക്കേണ്ടിവന്ന പെൺകുട്ടികളുമുണ്ട്. വീട്ടിലിരുന്ന് കൈത്തൊഴിൽ ചെയ്ത് ജീവിക്കുന്നവരുമുണ്ട്. എന്നാൽ കാഴ്ചയില്ലാത്ത പെൺകുട്ടി ജോലി ചെയ്ത് കുടുംബം പുലർത്തുന്നതിനെ അംഗീകരിക്കാൻ മാത്രം ഒരു കാലത്ത് നമ്മുടെ സമൂഹം വിശാലമായിരുന്നില്ല.

വിദ്യാലയങ്ങളും തൊഴിലിടങ്ങളും കാഴ്ചാപരിമിതരായ പെൺകുട്ടികൾക്ക് നിഷേധിക്കപ്പെട്ടിരുന്നതിന്റെ ഒരു പ്രധാന കാരണം അവർ ചൂഷണം ചെയ്യപ്പെടാനുള്ള സാധ്യത വളരെ കൂടുതലാണ് എന്നതാണ്. മറ്റു സ്ത്രീകളെ അപേക്ഷിച്ച് ശാരീരികമായ അധ്വാനം വളരെ കുറവായതിനാൽ കാഴ്ചാപരിമിതർക്ക് കായികശേഷിയും വളരെ കുറവായിരിക്കും. ശാരീരിക ക്ഷമത കുറവായതുകൊണ്ടുതന്നെ പല സന്ദർഭങ്ങളിലും പ്രതിരോധിക്കാൻ അവർക്ക് കഴിയാതെ വരുന്നു. മറ്റുള്ളവരുടെ നോട്ടത്തിലും ഭാവത്തിലും വരുന്ന മാറ്റം പെട്ടെന്ന് തിരിച്ചറിയാൻ കഴിയാത്തതു കൊണ്ട് അപകട സാഹചര്യങ്ങളിൽ നിന്ന് മുൻകൂട്ടി രക്ഷപ്പെടാനുള്ള അവസരവും അവർക്ക് ലഭിക്കാറില്ല. ഇത്തരം ചിന്തകളോടൊപ്പം സാമൂഹിക സാഹചര്യങ്ങൾ കൂടിയാകുമ്പോൾ കാഴ്ചപരിമിതരായ പെൺകുട്ടികൾ മുഖ്യധാരാ സമൂഹത്തിൽനിന്ന് അപ്രത്യക്ഷമാകുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തൊഴിലിടങ്ങളിലും മാത്രമല്ല സ്വന്തം വീട്ടുകളിൽപ്പോലും ഭിന്നശേഷിക്കാരായ പെൺകുട്ടികൾ സുരക്ഷിതരല്ല എന്നതും ഒരു വാസ്തവമാണ്. കാഴ്ചാപരിമിതരായവർ മാത്രമല്ല മറ്റു ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കും പലപ്പോഴും ഇത്തരം സാഹചര്യങ്ങളെ അഭിമുഖീകരിക്കേണ്ടി വരാറുണ്ട്. എന്നാൽ കൃത്യമായ പരിശീലനത്തിലൂടെ മാനസികവും ശാരീരികവുമായ ബലം നൽകി ഈ പ്രതിസന്ധി പരിഹരിക്കാവുന്നതുമാണ്.

കാഴ്ചാപരിമിതർക്ക് സ്വതന്ത്രമായി സഞ്ചരിക്കാനുള്ള സാഹചര്യം ഒരുക്കി കൊടുക്കാത്തതും അവരുടെ അവകാശ നിഷേധത്തിനു കാരണമാകുന്നു. സഞ്ചാര സ്വാതന്ത്ര്യം ഇല്ലാത്തതു കൊണ്ടുതന്നെ പല താൽപര്യങ്ങളും അവർക്ക് മാറ്റി വെക്കേണ്ടി വരുന്നു. അല്ലെങ്കിൽ മറ്റുള്ളവരുടെ താൽപര്യങ്ങൾക്കനുസരിച്ച് ചെയ്യേണ്ടി വരുന്നു. ഇത്തരത്തിൽ അന്യതാൽപര്യങ്ങളിൽ ജീവിക്കുമ്പോൾ ഇഷ്ടപ്പെട്ട വിഷയത്തിൽ ഉയർന്ന വിദ്യാഭ്യാസം, മെച്ചപ്പെട്ട ജോലിസാധ്യത, സാമ്പത്തിക സുരക്ഷിതത്വം ഇതെല്ലാം കാഴ്ചാപരിമിതരായ പെൺകുട്ടികൾക്ക് അന്യമാകുന്നു. അതുമൂലം ഗുണപരമായ ഒരു വ്യക്തിത്വം രൂപപ്പെടുത്തിയെടുക്കാനും അത് പ്രയോജനപ്പെടുത്താനുമുള്ള അവസരം അവർക്ക് നിഷേധിക്കപ്പെടുന്നു.

കാഴ്ചാപരിമിതർക്കിടയിൽ വിവാഹിതരുടെ എണ്ണം വളരെ കുറവാണ്. അതിൽത്തന്നെ വിവാഹിതരായ പെൺകുട്ടികളുടെ തോതും വളരെ കുറവാണ്. കാഴ്ചാപരിമിതരായ സ്ത്രീകളോട് സമൂഹം കാണിക്കുന്ന വേർതിരിവിന്റെ വ്യക്തമായ അടയാളം ഇതിൽ കാണാം. വിദ്യാഭ്യാസം, ജോലി, സാമ്പത്തികം, സൗന്ദര്യം, കുടുംബമഹിമ, സ്വഭാവഗുണം തുടങ്ങി വിവാഹകമ്പോളത്തിൽ പെൺകുട്ടികളുടെ മൂല്യം നിർണയിക്കുന്ന ധാരാളം ഘടകങ്ങളുണ്ട്. ഇപ്പറഞ്ഞ എല്ലാമുണ്ടെങ്കിലും കാഴ്ചാപരിമിതയായ ഒരു പെൺകുട്ടി വിവാഹിതയാവുക എന്നത് ഏറെ പ്രയാസമാണ്. നമ്മുടെ സമൂഹത്തിൽ നിലവിലുള്ള വിവാഹ സമ്പ്രദായമനുസരിച്ച് കുടുംബ ജീവിതത്തിൽ കാഴ്ച ഒഴിച്ചുകൂടാനാവാത്ത ഒരു ഘടകമാണ്.

**ചില കാഴ്ചപ്പാടുകൾ സൂചിപ്പിക്കാം..**

പാചകം, ഗൃഹപരിപാലനം, ശിശുപരിപാലനം, ഭർതൃപരിചരണം, ഭർത്താവിന്റെ മാതാപിതാക്കളുടെ സംരക്ഷണം ഇതെല്ലാം വിവാഹം കഴിച്ചു വരുന്ന പെൺകുട്ടിയുടെ ഉത്തരവാദിത്തങ്ങളാണ് എന്നാണ് സമൂഹത്തിന്റെ വ്യവസ്ഥ. കാഴ്ചാപരിമിതർക്ക് ഇപ്പറഞ്ഞവ നിർവഹിക്കുന്നതിൽ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരും. കാഴ്ചാപരിമിതിയുള്ളതുകൊണ്ടു തന്നെ ഗാർഹികകാര്യങ്ങളിൽ പലർക്കും വേണ്ടത്ര

പ്രാവിണ്യം ഉണ്ടാകില്ല. അതിനുള്ള അവസരവും പരിശീലനവും ലഭിച്ചിട്ടില്ല എന്നതാണ് വാസ്തവം. ഇവരുമായുള്ള ലൈംഗിക ജീവിതവും സമൂഹം ആശങ്കയോടെ നോക്കിക്കാണുന്ന ഒന്നാണ്.

ഭിന്നശേഷിക്കാർ പരസ്പരം വിവാഹിതരാകാറുണ്ട്. അത്തരത്തിൽ ജീവിക്കുന്ന കാഴ്ചാപരിമിതരായ ദമ്പതികളുണ്ട്. എന്നാൽ വിവാഹത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ത്തന്നെ കാഴ്ച ഒരളവുകോലായി പരിഗണിക്കുന്ന കാഴ്ചാപരിമിതരായവരുമുണ്ട്. ഒരു ഭിന്നശേഷിക്കാരിയെ അങ്ങനെയല്ലാത്ത ഒരാൾ വിവാഹം കഴിച്ച് ജീവിക്കുന്നത് ഒരു സ്വാഭാവിക കാര്യമായി കാണാൻ സമൂഹം ഇന്നും പ്രാപ്തമായിട്ടില്ല. അതുകൊണ്ടാണ് വിവാഹിതരായ കാഴ്ചാപരിമിതരായ സ്ത്രീകളുടെ തോത് കുറഞ്ഞുപോകുന്നത്.

പരിമിതിയെ പരിഗണിക്കാതെ ഭിന്നശേഷിക്കാരെ വിവാഹം കഴിക്കാൻ തയാറാകുന്നവരില്ലന്നല്ല. പല സന്ദർഭങ്ങളിലും പുരുഷൻ തയാറാകുമ്പോൾ കുടുംബവും കുടുംബം തയാറാകുമ്പോൾ പുരുഷനും തയാറാകില്ല. യാതൊരു കാരണവും കൂടാതെ അങ്ങനെ തയാറാകുന്നുണ്ട് എങ്കിൽ അതിനുപിന്നിൽ ചിലപ്പോൾ മറ്റു പല ഉദ്ദേശങ്ങളുമുണ്ടാകാനുള്ള സാധ്യതയുമുണ്ട്. സാമ്പത്തിക ലാഭം, കടപ്പാട്, നിവർത്തികേട്, മറ്റുള്ളവർക്കിടയിൽ കിട്ടുന്ന അംഗീകാരം അങ്ങനെ പലതും. ഭിന്നശേഷിക്കാരെ സാധാരണ മനുഷ്യരായി കാണാനും ഉൾക്കൊള്ളാനും സമൂഹം തയാറാകാത്തതിന്റെ നേർചിത്രങ്ങളായി ജീവിക്കുന്ന അനേകം സ്ത്രീകൾ നമുക്കിടയിൽത്തന്നെയുണ്ട്. എന്നാൽ തങ്ങളുടെ അനുഭവങ്ങളെ പ്രശ്നവൽക്കരിക്കാനുള്ള അവസരം അവർക്ക് ലഭിക്കുന്നില്ല എന്നതും,അങ്ങനെയൊരവസരം നൽകാൻ ഇന്നും സമൂഹം എല്ലാതലത്തിലും തയ്യാറായിട്ടില്ല എന്നതും, അവരെ പൊതു ഇടങ്ങളിൽനിന്നും അന്യമാക്കുന്നു.

**ഉൾച്ചേർക്കൽ വിദ്യാഭ്യാസത്തിൽ പെണ്ണിടം വളരുന്നു**

ഓരോ ഭിന്നശേഷിക്കാർക്കും പ്രത്യേകം വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. അവരിലെ കഴിവുകൾ കണ്ടെത്താനും വികസിപ്പിക്കാനും ഈ സ്ഥാപനങ്ങൾ സഹായകമാണ്. എന്നാൽ പ്രാഥമികമായ വിദ്യാഭ്യാസം നേടാനുള്ള അവസരം മാത്രമേ ഇവിടങ്ങളിൽനിന്ന് ഭിന്നശേഷിക്കാർക്ക് കഴിയുന്നുണ്ടായിരുന്നുള്ളൂ. എങ്കിലും അവരവരുടെ ഭിന്നശേഷിക്കൂട്ടായ്മയിൽ അവർ സ്വാഭാവികമായി കഴിഞ്ഞുപോന്നു. എന്നാൽ ഉയർന്ന വിദ്യാഭ്യാസം നേടേണ്ടി വരുമ്പോൾ സമൂഹവുമായി ഇടപഴകാനാകാതെ അവർ പ്രയാസപ്പെട്ടിരുന്നു. മാത്രമല്ല സമൂഹത്തിന് ഭിന്നശേഷിക്കാരെക്കു റിച്ചുള്ള ധാരണകൾ തിരുത്തുന്നതിനും യഥാർഥ ധാരണകൾ

നിർമ്മിക്കുന്നതിനും അവസരവും ലഭിച്ചിരുന്നില്ല. ഈ സാഹചര്യത്തിലാണ് ഉൾച്ചേർക്കൽ വിദ്യാഭ്യാസം അഥവ ഇൻക്ലൂസീവ് എജ്യുക്കേഷൻ പ്രാധാന്യമർഹിക്കുന്നത്.

ഭിന്നശേഷിക്കാരായ കുട്ടികളെ പൊതുവിദ്യാലയങ്ങളിൽ പഠിപ്പിക്കുക, സമൂഹവുമായി ഇടപഴകി ജീവിക്കാനുള്ള അവസരമൊരുക്കുക, അവരുടെ ക്രിയാത്മകമായ കഴിവുകൾ പൊതുസമൂഹത്തിന്റെ വികാസത്തിന് വേണ്ടി പ്രയോജനപ്പെടുത്തുക, സമൂഹത്തെ ഭിന്നശേഷി സൗഹൃദമാക്കി തീർക്കുക മുതലായവയാണ് ഉൾച്ചേർന്ന വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനപരമായ ലക്ഷ്യങ്ങൾ. ഭിന്നശേഷി അവകാശ സംരക്ഷണ നിയമം 2016ൽ ഇതേക്കുറിച്ച് വളരെ വ്യക്തമായി പറയുന്നുണ്ട്.

ഇത്തരമൊരു കാഴ്ച മുന്നോട്ട് വന്നതോടുകൂടി കാഴ്ചാപരിമിതർക്ക് വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ കൂടുതലായി ലഭിക്കാൻ തുടങ്ങി. ശരിയായ സമയത്ത്, ശരിയായ വിദ്യാഭ്യാസം ലഭിച്ചതോടുകൂടി കാഴ്ചാപരിമിതരായ പെൺകുട്ടികൾക്കും കൂടുതൽ അവസരങ്ങൾ ലഭിച്ചു. അതുവഴി കൂടുതൽ മെച്ചപ്പെട്ട ജീവിതം നയിക്കാനും എല്ലാ തലത്തിലും സ്വാതന്ത്ര്യം നേടാനും അവർ പ്രാപ്തരാകുന്നു. ഉൾച്ചേർന്ന വിദ്യാഭ്യാസത്തിന് നേട്ടങ്ങളുള്ളതുപോലെ അത് നടപ്പിലാക്കുമ്പോൾ ഉണ്ടായേക്കാവുന്ന ചില പരിമിതികളുമുണ്ട്. എല്ലാ ഭിന്നശേഷിക്കാർക്കും ഒരേപോലെ സമൂഹവുമായി ഇടപഴകാൻ കഴിയണമെന്നില്ല. കൃത്യമായി ഓരോരുത്തരുടേയും പ്രശ്നങ്ങളെ അഭിസംബോധന ചെയ്യേണ്ടതുണ്ട്. അതില്ലാതെവരുമ്പോൾ അവർ കൂടുതൽ ഉൾവലിയാനുള്ള സാധ്യതയുമുണ്ട്. ഇത് പലതരത്തിലുള്ള മാനസിക സംഘർഷങ്ങളിലേക്കും അവരെ എത്തിക്കും. എന്നിരുന്നാലും കാഴ്ചാപരിമിതർ എന്നു മാത്രമല്ല ഭിന്നശേഷിക്കാരായ എല്ലാവർക്കും പ്രത്യേകിച്ച് പെൺകുട്ടികൾക്ക് അറിവുനേടാനും കഴിവുകൾ വികസിപ്പിക്കാനും സമൂഹത്തിന് പ്രയോജനപ്പെടുംവിധം അത് പ്രയോഗിക്കാനും അതുവഴി സമൂഹത്തിലെ തങ്ങളുടെ കർതൃത്വസ്ഥാനം ഉറപ്പിച്ചെടുക്കാനും കഴിഞ്ഞു എന്നതാണ് ഇതിന്റെ മേൻമ. പൂർണാർഥത്തിൽ കാഴ്ചാപരിമിതർക്കിടയിൽ ലിംഗസമത്വം കൈവരിക്കാൻ ഇതിലൂടെ കഴിഞ്ഞു എന്ന് പറയാൻ പറ്റില്ല. അത് സാധ്യമാകണമെങ്കിൽ ഭിന്നശേഷിത്വത്തെക്കൂടി ഉൾക്കൊള്ളുന്ന സാമൂഹിക സാഹചര്യം സൃഷ്ടിക്കപ്പെടണം.ലിംഗഭേദം,ദളിത് എന്നിവയ്ക്കൊപ്പം ഭിന്നശേഷിത്വവും രാഷ്ട്രീയ സംവർഗമാണ് എന്ന് തിരിച്ചറിയണം. രീതിയിലുള്ളഈ ഗൗരവകരമായ ആലോചനകൾ കൂടി രാഷ്ട്രീയ രംഗത്തും സാംസ്കാരിക രംഗത്തും നടക്കേണ്ടതുണ്ട്.

**കുറിപ്പ്:**

ഓരോ ഭിന്നശേഷി വിഭാഗത്തിനും പ്രത്യേകം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് കഴിവുകളെ വികസിപ്പിച്ചെടുക്കാൻ അത്തരം സ്ഥാപനങ്ങൾ സഹായകമായിരുന്നു. ഉൾച്ചേർന്ന വിദ്യാഭ്യാസം നിലവിൽ വന്നതോടെ ഇത്തരം സ്ഥാപനങ്ങളുടെ പ്രാധാന്യം താരതമ്യേന കുറഞ്ഞു. എങ്കിലും ഇന്നും കേരളത്തിലങ്ങോളമിങ്ങോളം ഇത്തരത്തിലുള്ള സ്ഥാപനങ്ങളുണ്ട്.

**പ്രത്യയശാസ്ത്രം**

മാർക്സിന്റെയും എംഗൽസിന്റെയും ആശയങ്ങൾ ഇതിന് അടിസ്ഥാനമായി നിൽക്കുന്നു. പ്രത്യയശാസ്ത്രത്തെക്കുറിച്ചുള്ള വ്യത്യസ്തമായ നിർവ്വചനങ്ങൾ ടെറി ഈഗിൾടൺ ക്രോഡീകരിച്ച് പറയുന്നുണ്ട്."

ഭരണകൂടത്തിന്റെ മർദ്ദനപരമായ പ്രത്യയശാസ്ത്ര ഉപകരണങ്ങളിൽനിന്ന് വിഭിന്നമായി പ്രവർത്തിക്കുന്ന പ്രത്യയശാസ്ത്ര ഉപകരണങ്ങളെക്കുറിച്ച് അൽത്തൂസർ സൂചിപ്പിക്കുന്നുണ്ട്. മതപരം, വിദ്യാഭ്യാസപരം, കുടുംബപരം, സാംസ്കാരികം തുടങ്ങി നിരവധി പ്രത്യയശാസ്ത്ര ഉപകരണങ്ങളെക്കുറിച്ച് അദ്ദേഹം പറയുന്നു. “ഒരു സമൂഹവിഭാഗത്തിന്റേയും മനുഷ്യമനസ്സിന്റെയും മേൽ ആധിപത്യം ചെലുത്തുന്ന പ്രതിനിധാനങ്ങളുടെ, ആശയങ്ങളുടെ, വ്യവസ്ഥയാണ് പ്രത്യയശാസ്ത്രം.മാർക്സിൻ്റെ ജർമൻ ഐഡിയോളജിയിൽനിന്നാണ് പ്രത്യയശാസ്ത്രത്തെക്കുറിച്ചുള്ള സങ്കൽപനങ്ങൾ അൽത്തൂസർ സ്വീകരിക്കുന്നത്. ആശയങ്ങളെ മേൽപ്പുരയായും അവയ്ക്കാധാരമായ സാമ്പത്തികശക്തികളെ അടിത്തറയായും മാർക്സിസം പരിഗണിച്ചു. എല്ലാ പ്രത്യയശാസ്ത്രത്തിലും മനുഷ്യരും അവരുടെ ബന്ധങ്ങളും പോലെ തലകീഴായിട്ടാണ് കാണപ്പെടുന്നത് എന്ന് മാർക്സ് എഴുതുന്നു.പ്രത്യയശാസ്ത്രത്തിൽ തലകീഴായി കാണുന്ന യാഥാർത്ഥ്യം വികല ബോധ(False consciousness)മാണ്. എന്നാൽ ഒരിക്കലുമത് മിഥ്യയല്ല. ആത് ദാർശനികം മാത്രമായ അന്യവൽക്കരണ(alienation)മോ വെറും മായയോ അല്ല. യഥാർത്ഥ ലോകത്തിലെ വൈരുദ്ധ്യങ്ങളും ദുരിതങ്ങളുമാണ് മതമായി തലതിരിഞ്ഞ് അവതരിച്ചത്. മതപരമായ ആശ്വാസത്തിലെന്നപോലെ നിത്യജീവിതത്തിലെ അപരിഹാര്യമായ വൈരുദ്ധ്യങ്ങളും മറ്റും പ്രത്യയശാസ്ത്രമായി തലതിരിഞ്ഞ് കാണപ്പെടുന്നു.പ്രത്യയശാസ്ത്രവും പ്രത്യയശാസ്ത്രഭരണകൂട ഉപകരണ ങ്ങളും' എന്ന പ്രബന്ധത്തിലാണ് ലൂയി അൽത്തൂസർ പ്രത്യയശാസ്ത്രത്തെക്കുറി ച്ചുള്ള തൻ്റെ സങ്കൽപനങ്ങൾ അവതരിപ്പിക്കുന്നത്.

**ആധാരസൂചി:**


- സ്വാനുഭവങ്ങളും കാഴ്ചാപരിമിതരായ മറ്റു വ്യക്തികളുമായി നടത്തിയ ആശയവിനിമയത്തിലൂടെ ലഭ്യമായ വിവരങ്ങൾ ക്രോഡീകരിച്ചു.
- വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും,1999,വിനയൻ.
- ഒപ്പം, 2016, പ്രിയദർശൻ.
- നേര്, 2023, ജിത്തു ജോസഫ്.


**ഗ്രന്ഥസൂചി**


- അനിൽ കെ എം.( ഡോ) , സൗമ്യ കെ.സി, 2019 , ലൂയി അൽത്തൂ സർ മാർക്സിലേക്കുള്ള ഇരട്ട വഴി, പ്രോഗ്രസ് ബുക്ക്സ് , കോഴിക്കോട്
- ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശ നിയമം, 2016 – ബ്രെയിൽ പതിപ്പ് – സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ് – കേരള.
- രവീന്ദ്രൻ പി. പി.,2022, ലിംഗപദവി, മാക്സ് എഴുത്തും തുടർച്ചകളും, ഡി. സി. ബുക്സ്.
- സ്റ്റാലിൻദാസ് പടിഞ്ഞാറെ പുരക്കൽ, ,2013 മാനസിക വൈകല്യങ്ങളുടെ ആവിഷ്കരണം സാഹിത്യത്തിലും സിനിമയിലും തെരഞ്ഞെടുത്ത കൃതികളെ ആസ്പദമാക്കി ഒരു പഠനം,കേരള സർവ്വകലാശാലയുടെ ഓറിയന്റൽ ഫാക്കൽറ്റിയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന പ്രബന്ധം,,കേരള യൂണിവേഴ്സിറ്റി ലൈബ്രറി, തിരുവനന്തപുരം.
- Altman, BM. 2001, Disability: Definitions, Models, Classification Schemes and applications, Handbook of disability studies. Delhi: Sage publications.
- Bhambani, Meenu, Albrezht, Gary L (Ed.) 2006,"Experience of disability: India." Encyclopedia of disability studies, Delhi, Sage Publications.
- Bhambani, Meenu, Hans, Asha and Patrick, Annie, (Ed.),2003, Societical responses to women with disabilities in India, New Delhi: Sage publications.
- Eagleton Terry ,2000,Ideology An Introduction,Verso,London

- Geetha V,2007; Patriarchy, Stree, Calcutta
- Tharu Susie,2023 Women Writing in India 600 BC To the present ,Volume 11 The twentieth Century Oxford University Press , New Delhi .



**ഹീര. വി. എസ്**

**ഗവേഷക**

**മലയാള വിഭാഗം**

**ഗവ. ആർട്ട്സ് ആന്റ് സയൻസ് കോളേജ്,**

**കോഴിക്കോട്,**

**Ph: 7356228817**

**Email: heeravsivadas@gmail.com**